**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 541** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റവും നിക്ഷേപ ആകർഷണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ. എസ്. യു. എം.) വഴി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലേക്ക് കടന്നുവന്ന ആകെ നിക്ഷേപത്തിന്റെയും വെഞ്ചർ ക്യാപിറ്റൽ ഫണ്ടുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സെബി അംഗീകൃത ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ടുകളുമായി ചേർന്ന് കെ എസ് യു എം നടപ്പാക്കുന്ന ഫണ്ട് ഓഫ് ഫണ്ട് പദ്ധതി കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ്. കേരള സർക്കാർ ഫണ്ടുകളുടെ ലിമിറ്റഡ് പാർട്ണറായി പ്രവർത്തിക്കും. ഇതിന് പുറമേ റിസേർച്ച് ഗ്രാന്റ്, നിധി പ്രയാസ് ഗ്രാന്റ്, സ്റ്റാർട്ടപ്പ് ഇന്ത്യ സീഡ് ലോൺ, റിസേർച്ച് ഇന്നവേഷൻ ചലഞ്ചസ്, മാർക്കറ്റ് സപ്പോർട്ട് സ്കീം എന്നിവയെല്ലാം കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി ലഭ്യമാക്കുന്നു. നാളിതുവരെ 230-ഓളം സ്റ്റാർട്ടപ്പുകളിലേക്കായി 8500 കോടിയിലധികം രൂപയുടെ നിക്ഷേപം കേരളത്തിലേക്ക് എത്തിയതായി കണക്കാക്കുന്നു.

**(ബി)** സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന ഐ.ടി.സ്റ്റാർട്ടപ്പുകളുടെ എണ്ണവും അവ വഴി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളും എത്രയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് ഇന്ത്യ (ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇന്റസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (DPIIT)) കണക്കുപ്രകാരം 9000 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവഴി 1 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**(സി)** ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, സെമികണ്ടക്ടർ തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ കേന്ദ്രീകരിച്ച് പുതിയ ഐ.ടി. നിക്ഷേപങ്ങൾ ആകർഷിക്കാൻ എന്തെല്ലാം സവിശേഷ നയങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** എഐ (AI) സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ 2026 ഏപ്രിൽ മാസത്തിൽ ദേശീയതലത്തിൽ ഒരു 'ഏജന്റിക് എഐ ഹാക്കത്തോൺ' (Agentic AI hackathon) സംഘടിപ്പിച്ചിരുന്നു. കൂടാതെ ഇന്നൊവേഷൻ ഗ്രാന്റ് പ്രോഗ്രാമിലൂടെയും സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്നുണ്ട്. ഇതോടൊപ്പം, തങ്ങളുടെ ഇൻ-ഹൗസ് ജിപിയു (GPU) സംവിധാനത്തിലൂടെ കെഎസ് യുഎം (KSUM) കമ്പ്യൂട്ടേഷണൽ പിന്തുണയും ലഭ്യമാക്കുന്നുണ്ട്.

ആയുർവേദത്തിലും സുഗന്ധവ്യഞ്ജന മേഖലയിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി. കേന്ദ്ര ഇലക്ട്രോണിക്സ് & ഐടി മന്ത്രാലയത്തിൻ്റെ സഹകരണത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ കൊച്ചിയിൽ ഒരു സെന്റർ ഓഫ് എക്സലൻസ് ആരംഭിച്ചു. ആയുർവേദം, സുഗന്ധവ്യഞ്ജനങ്ങൾ, ജൈവവൈവിധ്യം എന്നിവയിൽ AI അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിച്ചുകൊണ്ട് കേരളത്തെ ഒരു പ്രമുഖ ബയോ-AI ഇന്നൊവേഷൻ ഹബ്ബായി ഉയർത്താനും സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും ഈ കേന്ദ്രം ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**